പ്പെട്ട സ്പീക്കർ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, പൊതുമരാമത്തു വകുപ്പുമന്ത്രി, റവന്യൂ വകുപ്പു സെക്രട്ടറി, പൊതുമരാമത്തു വകുപ്പു സെക്രട്ടറി, തിരുവനന്തപുരം ഡെപ്യൂട്ടി കളക്ടർ, ട്രിഡാ ചെയർമാൻ എം.എൽ.എ.മാരായ ശ്രീ. ആന്റണി രാജു, ശ്രീ. എ. കണാരൻ എന്നിവർ പങ്കെടുത്തു. ഗുജറാത്തി സത്രത്തിന്റെ ഭൂമി ഏറ്റെടുത്ത് റിപ്പോർട്ട് ചെയ്യാൻ പൊതുമരാമത്തു സെക്രട്ടറിയെ അധികാരപ്പെടുത്തി. അതിന്റെ ഫലമായി സ്ഥലം ഗവൺമെന്റിന്റെ അധീനതയിലായിയെങ്കിലും ട്രിഡായ്ക്കു വിട്ടുകൊടുക്കാൻ നടപടി സ്വീകരിച്ചില്ല. ട്രിഡാ ഗവൺമെന്റ് ഏജൻസി ആയതിനാൽ ട്രിഡായെ എത്രയും വേഗം ഭൂമി ഏൽപ്പിക്കേണ്ടതാണ്. അങ്ങനെയായാൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വ്യാപാരികൾക്കു നൽകാൻ തയ്യാറാണെന്ന് ട്രിഡാ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. അതങ്ങനെ ചെയ്യാമെന്ന് ഈ ഗവൺമെന്റ് എഗ്രി ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനാൽ 108 വ്യാപാരികളുടെയും അവരുടെ കുടുംബങ്ങളുടെയും പുനരധിവാസത്തിന് ആവശ്യമായ നടപടി എത്രയും വേഗം കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

[10.00 AM] മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : തിരുവനന്തപുരം പഴവങ്ങാടിയിൽ ആറുവരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒഴിപ്പിക്കപ്പെട്ട വ്യാപാരികളെ പുനഃരധിവസിപ്പിക്കുന്നതിനുള്ള ചുമതല തിരുവനന്തപുരം വികസന അതോറിറ്റിയെ ഏൽപ്പിച്ചിരുന്നു. അവകാശികളില്ലാതെ അന്യംനിന്ന ഗുജറാത്തി സത്രം നിലനിന്നിരുന്ന 37 സെന്റ് സ്ഥലം 1964-ലെ കേരള എസ്റ്റേറ്റ്സ് ആന്റ് ഫോർഫീച്ചേഴ്സ് ആക്ട് അനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ ഏറ്റെടുക്കുകയുണ്ടായി. ഈ 37 സെന്റ് ഭൂമിയിൽനിന്നും റോഡ് വികസനത്തിനായി വിനിയോഗിക്കപ്പെട്ടത് കഴിച്ച് ശേഷിക്കുന്ന സ്ഥലം പഴവങ്ങാടിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട വ്യാപാരികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിക്കായി തിരുവനന്തപുരം വികസന അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ സ്ഥലത്തിന്റെമേൽ അവകാശമുന്നയിച്ചുകൊണ്ട് ശ്രീ. നവനാഗർസതാപർത്ത് ട്രസ്റ്റ് എന്ന സംഘടനയ്ക്കു വേണ്ടി ഓസ്വാൾ എന്നൊരാൾ മേൽപ്പറഞ്ഞ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയിരിക്കുന്ന അപ്പീൽ ഹർജി പരിഗണനയിലിരിക്കുകയാണ്. "കേരള എസ്റ്റേറ്റ്സ് ആന്റ് ഫോർഫീച്ചേഴ്സ് ആക്ട്" (1964) അനുസരിച്ചുള്ള നിയമനടപടികൾ പൂർത്തിയാക്കിയശേഷം സ്ഥലം അനുവദിക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്. വ്യാപാരികളെ പുനരധിവസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(3) ബോണക്കാട് തേയിലത്തോട്ടത്തിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ജി. കാർത്തികേയൻ : സർ, തിരുവനന്തപുരം ജില്ലയുടെ കിഴക്കൻ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു തേയിലത്തോട്ടമാണ് മഹാവീർ പ്ലാന്റേഷൻ നടത്തുന്ന ബോണക്കാട് തേയിലത്തോട്ടം. അവിടെ തൊഴിലാളികൾക്ക് കഴിഞ്ഞ നാലു മാസമായി ശമ്പളം ലഭിക്കുന്നില്ല. 16 ആഴ്ചത്തെ ചെലവ് കാശ് കിട്ടാനുണ്ട്. പി.എഫ്. ലേക്കുള്ള പണം അടയ്ക്കുന്നില്ല. എൽ.ഐ.സി. യുടെ പണം അടയ്ക്കുന്നില്ല. പെൻഷനായ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കൊടുക്കുന്നില്ല. ലയങ്ങളെല്ലാം മഴക്കാലത്ത് ചോർന്നൊലിക്കുകയാണ്. തൊഴിലാളികളുടെ ഇത്തരം പ്രശ്നങ്ങൾക്ക്നേരെ നിഷേധാത്മകമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

നിലപാടാണ് അവിടെ മാനേജുമെന്റ് എടുത്തിരിക്കുന്നത്. അവർക്ക് ഇതിനകത്ത് യാതൊരു താല്പര്യവുമില്ല. ചുരുക്കത്തിൽ അവിടത്തെ തൊഴിലാളികൾ പട്ടിണിയിലും അർദ്ധപ്പട്ടിണിയിലുമാണ്. അപൂർവ്വമായിട്ട് മാത്രമാണ് ചെലവ്കാശ് അവർക്ക് കിട്ടുന്നത്. അതുകൊണ്ട് ബന്ധപ്പെട്ട മന്ത്രിയും ഡിപ്പാർട്ടുമെന്റും ചേർന്ന് അതിന്റെ ബന്ധപ്പെട്ട ആളുകളെയും തൊഴിലാളികളെയും വിളിച്ചുവരുത്തി ഒരു കോൺഫറൻസ് നടത്തുകയും ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തിരമായ നടപടി സ്വീകരിക്കുകയും ചെയ്യണം. മലയോര പ്രദേശങ്ങളിലെ തോട്ടങ്ങളിലെ തൊഴിലാളികൾക്കും മലയോര പ്രദേശങ്ങളിലുമെല്ലാം സൗജന്യ റേഷൻ കൊടുക്കണമെന്നാണ് മറ്റൊരു ഡിമാന്റ്. അതുകൊണ്ട് അവിടത്തെ തൊഴിലാളികളെ പട്ടിണിയിൽനിന്നും മോചിപ്പിക്കുന്നതിനുവേണ്ടി വേണ്ട നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, മഹാവീർ പ്ലാന്റേഷന്റെ ഉടമസ്ഥതയിലുള്ള തിരുവനന്തപുരം ജില്ലയിലെ വിതുരയിൽ പ്രവർത്തിക്കുന്ന ബോണക്കാട് എസ്റ്റേറ്റ് സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ അവിടത്തെ തൊഴിലാളികൾക്ക് നൽകേണ്ടതായ 1996-97-ലെ ബോണസ്, ചെലവ് കാശ്, ശംബള കുടിശ്ശിക എന്നിവ മാനേജുമെന്റ് യഥാസമയം കൊടുത്തിട്ടില്ല. അതിനെത്തുടർന്നുണ്ടായ തൊഴിൽതർക്കം പരിഹരിക്കുന്നതിനുവേണ്ടി തിരുവനന്തപുരം അഡീഷണൽ ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ അനുരജ്ഞന ചർച്ചകൾ നടത്തുകയുണ്ടായി. 1-3-1999-ലെ ചർച്ചയെത്തുടർന്ന് 1996-97 വർഷത്തെ ബോണസ് പ്രശ്നം പരിഹരിക്കപ്പെടുകയും മാനേജുമെന്റ് എട്ടും മൂന്നിലൊന്ന് ശതമാനം ബോണസ് എല്ലാ തൊഴിലാളികൾക്കും നൽകുകയുമുണ്ടായി. 1997-98-ലെ അർദ്ധവാർഷിക ബോണസും ഇത്തരത്തിൽ കൊടുത്തിട്ടുണ്ട്. കൂടാതെ തൊഴിലാളികൾക്ക് നൽകേണ്ട ചെലവ് കാശും ശമ്പള കുടിശ്ശികയും സംബന്ധിച്ച ഒരു ധാരണയുണ്ടായി. ചെലവ് കാശ് 13-3-1999-നു മുമ്പും ശമ്പള കുടിശ്ശിക 22-3-1999-നു മുമ്പും കൊടുത്തു തീർക്കാമെന്നാണ് മാനേജുമെന്റ് സമ്മതിച്ചിരുന്നത്. എന്നാൽ ഇനിയും 16 ആഴ്ചത്തെ ചെലവ്കാശും രണ്ടു മാസത്തെ ശമ്പള കുടിശ്ശികയും തൊഴിലാളികൾക്ക് കിട്ടാനുണ്ട്. പ്രസ്തുത പ്രശ്നം പരിഹരിക്കപ്പെടുന്നതിനുവേണ്ടി അഡീഷണൽ ലേബർ കമ്മീഷണർ ഒരു അനുരജ്ഞന സമ്മേളനം 6-7-1999-ന് വൈകുന്നേരം മൂന്നു മണിക്ക് വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്.

(4) ചെർപ്പുളശ്ശേരി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : ചെർപ്പുളശ്ശേരി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ചെർപ്പുളശ്ശേരി, നെല്ലായി, ചളവറ, തൃക്കടീരി, വെള്ളിനഴി, അതങ്ങനടി, ശ്രീകൃഷ്ണപുരം, മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന വൈദ്യുതി ക്ഷാമത്തിനും വോൾട്ടേജ് ക്ഷാമത്തിനും പരിഹാരം കാണുന്നതിനാണ് 1990-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചെർപ്പുളശ്ശേരിയിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാൻ തീരുമാനിച്ചത്. 1993 ഫെബ്രുവരി 6-ന് ഒരു കൊല്ലത്തിനകം ആ സബ്സ്റ്റേഷൻ ഉദ്ഘാടനം ചെയ്യുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് തറക്കല്ലിട്ടു. അന്നുതന്നെ ജനങ്ങൾ ആശങ്കപ്പെട്ടതുപോലെ ആ

LIBRARY ARCHIVES Kerala Legislative Assembly